"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി.-യുടെ സസ്പെൻഷൻ പുനഃപരിശോധന ഹർജി- OA (EKM) 1399/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

G.O.(Rt)No.2842/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.08.2025-ലെ LSGD/PD/25710/2025-VIGD6 നമ്പർ നടപടിക്രമം.
2. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി. 22.09.2025 തീയതി സമർപ്പിച്ച നിവേദനം
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 1399/2025-ന്മേലുള്ള 09.10.2025-ലെ അന്തിമഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2025-ലെ LSGD/PD/25710/2025-VIGD6 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അഴിമതിയും ഗുരുതരമായ ക്രമക്കേടുകളും നടക്കുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർമാരും ഡെപ്യൂട്ടി ടൗൺപ്ലാനറും അടങ്ങിയ പരിശോധനാടീം വടകര നഗരസഭയിലെ എഞ്ചിനീയറിംങ് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ, വാണിജ്യകെട്ടിടങ്ങൾക്ക് Permit / Occupancy നൽകിയതിൽ നമ്പർ 554329-2024 തീയതി 15.03.2024, നമ്പർ 784789-2025-Indus Mobile Tower Completion Plan, നമ്പർ 2797581-2024 തീയതി 17.12.2024 എന്നീ ഫയലുകളിൽ വടകര നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി. തെറ്റായതും വസ്തുതാവിരുദ്ധമായ കുറിപ്പുകൾ രേഖപ്പെടുത്തിയും തെറ്റായ ശിപാർശകൾ നൽകിയും ചട്ടലംഘനം നടത്തിയതായും നിക്ഷിപ്ത താല്പര്യത്തോടുകൂടി ഫയലുകളിൽ അനാവശ്യമായ കാലതാമസം വരുത്തിയതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി.(PEN-437158)-യെ സസ്പെൻഡ്ചെയ്തുകൊണ്ട്

പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) നടപടിക്രമം പുറപ്പെടുവിച്ചു.

2. തന്നെ സസ്പെൻഡ്ചെയ്തുകൊണ്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം റദ്ദാക്കണമെന്നും സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി. പരാമർശം (2) നിവേദനം സർക്കാരിൽ സമർപ്പിച്ചു.

3. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1399/2025-ൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ പ്രസ്തുത അന്തിമഉത്തരവ് കൈപ്പറ്റി ആറാഴ്ചയ്ക്കുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി.-യുടെ പരാമർശം (2) നിവേദനത്തിന്മേൽ (Annexure A6) ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവായി.

4. ബഹു കോടതിയുടെ ഉത്തരവ് പ്രകാരം പരാമർശം 2 നിവേദനം സർക്കാർ വിശധമായി പരിശോധിച്ചു.

കെട്ടിടത്തിന്റെ ഗണംമാറ്റി വാണിജ്യ കെട്ടിടഗണമാക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിലും താമസ/വാണിജ്യ കെട്ടിടങ്ങൾക്ക് Occupancy അനുവദിച്ചതിലും മറ്റും ഗുരുതരമായ ക്രമക്കേടുകൾ സമഗ്ര ഇന്റേണൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്ത് കുമാർ വി., സെക്കന്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി അനിഷ പി. പി. എന്നിവരെ സസ്പെന്റ് ചെയ്ത ഉത്തരവായിരുന്നത് എന്നും തുടർന്ന് നടന്ന വിശദമായ അന്വേഷണത്തിലും ടിയാളുകൾക്കെതിരെ കൂടുതൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിട്ടുള്ളതാണ് എന്നും ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി തുടർഅച്ചടക്കനടപടി സ്വീകരിക്കേണ്ടതുള്ള സാഹചര്യത്തിൽ സർവീസിൽ പുനപ്രവേശിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലായെന്നും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5 . കഠിനശിക്ഷ നല്കേണ്ടതായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്നാണ് നിയമനാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അജിത്കുമാർ വി. (PEN-437158)-യെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത് എന്നതിനാലും ടിയാൾക്കെതിരെയുള്ള ആരോപണങ്ങൾ അച്ചടക്കനടപടി മുഖാന്തരം അന്വേഷിച്ച് നടപടി സ്വീകരിയ്ക്കേണ്ടതുള്ളതിനാലും ടിയാൾ സമർപ്പിച്ച പരാമർശം (2) നിവേദനം നിരസിച്ച് ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 1399/2025-ലെ 09.10.2025 തീയതിയിലുള്ള അന്തിമഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
UNDER SECRETARY

1. ശ്രീ. അജിത്കുമാർ വി. (PEN-437158), അസിസ്റ്റന്റ് എഞ്ചിനീയർ, (നിലവിൽ സസ്പെൻഷനിൽ) **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. ചീഫ് എൻജിനിയർ,എൽ എസ് ജി ഡി
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (അറിവിലേക്കായി)
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/87/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 19-11-2025 12:46:17
സെക്ഷൻ ഓഫീസർ